(സി) പ്രസ്തുത തസ്തികയ്ക്ക് വേണ്ട എല്ലാ യോഗ്യതയും ഉള്ള എത്ര ജീവനക്കാർ സീനിയർ സൂപ്രണ്ട് തസ്തികകളിൽ നിലവിലുണ്ട്?

ഉത്തരം

(എ) ടൂറിസം വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരുടെ സീനിയോറിറ്റിയും ഭരണപരമായ അത്യാവശ്യവും കണക്കാക്കിയാണ് സ്ഥലംമാറ്റം നടപ്പിലാക്കുന്നത്. പട്ടവിരുദ്ധമായി സ്ഥലംമാറ്റം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടൂറിസം വകുപ്പിലെ അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ തസ്തികയിലേക്ക് നിലവിൽ ബിരുദമാണ് യോഗ്യത. നിലവിൽ പ്രസ്തുത യോഗ്യതയുള്ളവരാണ് ടി തസ്തികകളിൽ ജോലി ചെയ്യുന്നത്. യോഗ്യരായ ഉണ്ടായിട്ടും നിയമനം നൽകിയില്ലെന്ന ഒരു ജീവനക്കാരന്റെ പരാതി പരിശോധിച്ചുവരുന്നു.

(സി) വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിൽ 9 പേരാണുള്ളത്. ഇതിൽ 7 പേർ അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ തസ്തികയിലേക്ക് യോഗ്യരാണ്.

ടൂറിസം പദ്ധതികൾ

310(1011) ശ്രീ. കെ. വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിന് UDF സർക്കാർ വേണ്ടത്ര ഗൗരവം കാണിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ബി) തദ്ദേശീയരെ ടൂറിസം മേഖലയിൽ പങ്കാളികളാക്കി തദ്ദേശീയമായ വികസനം ഉറപ്പുവരുത്തുന്നതിന് ഈ സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) ഉത്തരവാദിത്വ ടൂറിസം പദ്ധതിയ്ക്കായി സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ പലതും ലക്ഷ്യം കാണാതിരുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന് ടൂറിസം വകുപ്പ് പ്രമുഖ പരിഗണനയാണ് നൽകിവരുന്നത്. 2011 മുതൽ 2015 വരെ 6.47 കോടി രൂപ ഉത്തരവാദിത്വ ടൂറിസം പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്. അതിൽ നാളിതുവരെ 5.22 കോടി രൂപ ഈ പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉത്തരവാദിത്വ ടൂറിസവുമായി ബന്ധപ്പെട്ട് ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്രങ്ങളിൽ പ്രദേശ സമൂഹത്തിന് തൊഴിലും വരുമാനവും സൃഷ്ടിക്കുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി. വിവിധ ചെറുകിട ഇടത്തര സൂഷ്മ സംരംഭങ്ങളുമായി ബന്ധപ്പെട്ട് ഏകദേശം 3000 കുടുംബങ്ങൾ ഇന്ന് ഗുണഭോക്താക്കളായി പ്രവർത്തിച്ചുവരുന്നു. അതുവഴി 6.73 കോടി രൂപയുടെ വരുമാനം പ്രദേശിയർക്ക് ലഭ്യമായിട്ടുള്ളതായി സർക്കാർ ഏജൻസികൾ വിലയിരുത്തിയിട്ടുണ്ട്.

(സി) സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് പ്ലാൻ ചെയ്ത് സമയബന്ധിതമായി നടപ്പാക്കിവരുന്നു.

സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

311(1012) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാശാവസ്ഥയിലായ കഠിനംകുളം വാട്ടർസർക്യൂട്ടിന്റെ ഭാഗമായുള്ള കൊച്ചുമ്പഴ ടൂറിസ്റ്റ് അമിനിറ്റീസ് സെന്ററും ബോട്ടുജെട്ടിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഇവിടം സംരക്ഷിക്കുന്നതിന് സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഠിനംകുളം പദ്ധതിയുടെ പ്രവൃത്തികൾ നിർവ്വഹിക്കുന്നത് സിഡ്കോയാണ്. പദ്ധതി പൂർത്തീകരിച്ച് വകുപ്പിന് കൈമാറാത്ത സാഹചര്യത്തിൽ പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ നിർവ്വഹണ ഏജൻസിയായ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കഠിനംകുളം പദ്ധതി നിർമ്മാണം പൂർത്തിയാക്കി നിർവ്വഹണ ഏജൻസിയായ സിഡ്കോ കൈമാറുന്ന മുറയ്ക്ക് പദ്ധതി പരിപാലനം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

GPM. 2/238/2020-50

LIBRARY ARCHIVES Kerala Legislative Assembly